(സി) പോളിടെക്നിക്കുകളിൽ പരീക്ഷാഫീസ് വർദ്ധിപ്പിച്ചിട്ടില്ല. കോഴ്സുകളുടെ നടത്തിപ്പിനുണ്ടായിട്ടുള്ള ചെലവു വർദ്ധന കണക്കെടുത്താണ് മറ്റു ഫീസ് വർദ്ധന നടപ്പാക്കിയിട്ടുള്ളത്.

(ഡി) പോളിടെക്നിക്കുകളിലെ ഡിപ്ലോമ കോഴ്സുകളുടെ ഫീസ് ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

(ഇ) ഫീസ് വർദ്ധന പിൻവലിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

43 (187) കോളേജുകളിലെയും പോളിടെക്നിക് സ്കൂളുകളിലെയും ഫീസ് വർദ്ധനവ്

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിലെയും പോളിടെക്നിക് സ്കൂളുകളിലെയും ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ബി) ഫീസ് വർദ്ധനവിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കോളേജുകളിലെ ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് മറ്റൊരുത്തരവുണ്ടാകുന്നതുവരെ നടപ്പിലാക്കുന്നത് മാറ്റിവച്ചിരിക്കുകയാണ്. പോളിടെക്നിക്കുകളിൽ ഫീസ് വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. ഇത് നിലവിലുള്ളതിന്റെ നൂറു ശതമാനം വർദ്ധനവുണ്ട്. പരീക്ഷാഫീസിൽ വർദ്ധനവില്ല.

(ബി) കോഴ്സുകളുടെ നടത്തിപ്പിനുണ്ടായിരിക്കുന്ന ചെലവു വർദ്ധനവ് കണക്കിലെടുത്താണ് ഫീസിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

44 (188) വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തിനു പുറത്തു പോകുന്നവർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് ഓരോ വർഷവും എത്ര വിദ്യാർത്ഥികൾ വീതം സാങ്കേതിക വിദ്യാഭ്യാസം നേടുന്നതിനായി സംസ്ഥാനത്തിനുപുറത്ത് പോകുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പുറത്ത് പഠനത്തിനു പോകുന്നവർ ക്യാപ്പിറ്റേഷൻ ഫീസ്, ഫീസ് എന്നീയിനങ്ങളിൽ എന്തു തുക വീതം നൽകേണ്ടതായി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിനുപുറത്ത് സാങ്കേതിക പഠനത്തിന് പോകുന്ന വർ എൻട്രൻസ് ടെസ്റ്റ് പാസ്സാകേണ്ടതുണ്ടോ;

(ഡി) സംസ്ഥാനത്തിനുപുറത്ത് നടത്തപ്പെടുന്ന എൻട്രൻസ് ടെസ്റ്റ് പാസ്സായി അവിടെ പഠനത്തിനുപോകുന്നവർ നൽകേണ്ട ഫീസിന്റെ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ഇതുസംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(സി) റെസിപ്രോക്കൽ ക്വാട്ടയിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാരിന്റെ പ്രവേശന പരീക്ഷയിൽ അവർക്ക് ലഭിച്ച റാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്.

(ഡി) അതാതു സംസ്ഥാനങ്ങളിലെ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ അതാതു സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള ഫീസ് മാത്രം നൽകിയാൽ മതി.

45 (189) പ്രീ-ഡിഗ്രി കോഴ്സുകൾ

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സുകൾ എത്രയെണ്ണം വേർപെടുത്തിയിട്ടുണ്ട്;

(ബി) പ്ലസ് ടൂ കോഴ്സുകൾ എത്രയെണ്ണം അനുവദിച്ചു; ഏർപ്പാതിരിച്ച് വ്യക്തമാക്കുമോ;

(സി) സ്വന്തമായി ഹൈസ്കൂളുകൾ ഇല്ലാത്ത കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സുകൾ വേർപെടുത്തിയിട്ട് അതാത് കോളേജുകളിൽ തന്നെ പ്ലസ് ടൂ കോഴ്സ് തുടങ്ങാനുള്ള സംവിധാനം ചെയ്തുകൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-98-ൽ 38 ഉം 1998-99-ൽ 310 ഉം, 1999-2000-ൽ 90 ഉം ബാച്ചുകൾ വേർപെടുത്തിയിട്ടുണ്ട്.

(ബി) ആകെ 260 എയ്ഡഡ് സ്കൂളുകളിലും 256 ഗവ. സ്കൂളുകളിലും, 12 അൺ എയ്ഡഡ് സ്കൂളിലും ഹയർ സെക്കണ്ടറി കോഴ്സ് നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല

(ഡി) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

46 (190) യൂണിവേഴ്സിറ്റി ഡിഗ്രി കോഴ്സുകൾ

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly